

# The Woman , who was sacrificed for an oath

## (വാക്കു വരുത്തിയ വിന)- ന്യായാ:11)

ദൈവ വചനത്തിൽ പേർ രേഖപ്പെടുത്തിയിട്ടില്ലാത്തതും, പിതാവിന്റെ പേരിൽ അറിയപ്പെടുന്നതുമായ ഒരു ധീരവനിതയാണ് യിപ്താഹിന്റെ മകളായ ഈ സ്ത്രീരത്നം. വചനത്തിലിടം കിട്ടിയ ഈ വനിത യിപ്താഹിന്റെ വാക്ക് വരുത്തിയ വിനയ്ക്ക് ഇരയായവളാണ്.ഈ ധീരവനിതയുടെ സ്വഭാവത്തിന്റെ പ്രത്യേകതകൾ ഒന്ന് പരിശോധിയ്ക്കാം.

(1) **ജീവിതാനുഭവങ്ങൾ പാഠമാക്കിയ പെൺകുട്ടി**

ഈ പെൺകുട്ടിയുടെ ബാല്യം ആരംഭംകുറിച്ചതു തന്നെ അമ്മയില്ലാത്ത അവസ്ഥയിലാണ്. അമ്മയ്ക്ക് എന്തു സംഭവിച്ചു എന്ന് വചനത്തിൽ കാണുന്നില്ല. സഹോദരങ്ങളും ഇല്ലാത്ത ഇവൾക്ക് ഏക ആശ്രയം അവളുടെ പിതാവു മാത്രമാണ്. യിപ്താഹ് വേശ്യാപുത്രനാകയാൽ അമ്മയുടെ പേരും വചനത്തിലില്ല. വേശ്യാസന്തതി ആകയാൽ സഹോദരങ്ങൾ അവനെ പുറത്താക്കി. എന്നിട്ടും ഭയക്കാതെ തോബ് ദേശത്ത് ജീവിച്ച പിതാവ് മകൾക്ക് ധീരതയുടെ പ്രതീകം തന്നെ ആയിരുന്നു. അങ്ങനെയാണ് പ്രതികൂലത്തെ അതിജീവിപ്പാൻ അവൾ പഠിച്ചത്. അനുഭവങ്ങളുടെ പാഠപുസ്തകങ്ങളായിരുന്നു അവളുടെ യഥാർത്ഥ ഗുരു.

"Circumstances are the creaters of men"

- Disraeli

**(2) കഷ്ടതയിലും കാണുന്ന ദൈവത്തെ അറിഞ്ഞവൾ**

അല്പകാലത്തേക്ക് കഷ്ടം സഹിക്കുന്ന നിങ്ങളെ സർവ്വകൃപാലുവായ ദൈവം യഥാസ്ഥാനപ്പെടുത്തി ഉറപ്പിച്ച് ശക്തീകരിക്കുന്നു. (1പത്രോ:5:10) നീതിയെ അറിയുന്നവരും, ഹൃദയത്തിൽ ന്യായപ്രമാണമുള്ളവരും മനുഷ്യരുടെ നിന്ദയെ ഭയപ്പെടേണ്ട എന്നും, അവരുടെ ദൂഷണങ്ങളെ പേടിക്കേണ്ട എന്നുമുള്ള യഹോവയുടെ വാക്ക് ഇവൾ അനുഭവിച്ചറിഞ്ഞവളാണ്. നിന്ദിച്ച് ഉപേക്ഷിച്ചവർ തന്നെ പിതാവിന്റെ അടുക്കൽ സഹായത്തിനായി വന്നത് ദൈവത്തിന്റെ പ്രവർത്തിയാകയാൽ അവൾ സന്തോഷിച്ചു.

**(3) പിതാവിനെയും ദേശത്തെയും സ്നേഹിച്ച പെൺകുട്ടി**

തന്റെ പിതാവിനെ തേടിവന്നവരുടെ ആവശ്യം കേട്ട അവൾ അപ്പനെ വിലക്കിയില്ല. അമ്മോന്യരോട് യുദ്ധം ചെയ്യുവാൻ സഹായിച്ചവനെ സേനാപതി ആക്കാം എന്ന് പറഞ്ഞതും അവൾ എതിർത്തില്ല. ദൈവത്തെ സ്നേഹിച്ച പിതാവ്, ദേശത്തെയും സ്നേഹിച്ചതാണ് അവളുടെയും സ്നേഹത്തിന്റെ അടിസ്ഥാനം എന്ന് കരുതാം.

**(4) അപക്വമായ വാക്കുകളുടെ ഇര**

ദൈവസന്നിധിയിൽ ഒരു വാക്ക് ഉച്ചരിപ്പാൻ നിന്റെ ഹൃദയം ബദ്ധപ്പെടരുത് .(സഭാ:5:2). അമ്മോന്യരെ ജയിച്ച് സമാധാനത്തോടെ മടങ്ങി വരുമ്പോൾ എന്നെ എതിരേറ്റു വരുന്നത് യഹോവയ്ക്കുള്ളതായിരിക്കും.അത് ഞാൻ ഹോമയാഗമായി അർപ്പിക്കും എന്ന് നേർന്ന, നേർച്ചയ്ക്കിരയായത് സ്വന്തം മകൾ തന്നെ ആയിരുന്നു. യിസഹാക്കിനെ ഹോമയാഗം കഴിപ്പാൻ യഹോവയാണ് നിർദ്ദേശിച്ചത്. അത് അബ്രഹാമിന്റെ അനുസരണത്തെയും, യഹോവയെ ഭയപ്പെടുന്നുണ്ടോ എന്നുള്ളതിന്റെ ഒരു പരീക്ഷണവുമായിരുന്നു. യഹോവ യാഗവസ്തു നേരത്തെ കരുതിയിരുന്നു. ഇവിടെ യിപ്താഹിന്റെ ഏകമകൾ തന്നെയാണ് തപ്പോടും നൃത്തത്തോടും അവനെ എതിരേല്പാൻ വന്നത്.മാതാപിതാക്കളുടെ ചിന്തയില്ലാത്ത വാക്കുകൾ മക്കൾക്ക് ദോഷമാകാതെ സൂക്ഷിക്കുക.

(ന്യായാ: 11:30-34)

A very great part of the mischiefs that vex this world arises from words

Barke.

**(5) അപ്പന് ധൈര്യം പകർന്ന മകൾ**

വിജയലഹരിയിൽ തലഉയർത്തിപ്പിടിച്ചു വന്ന അപ്പൻ തന്നെ കണ്ട് വിലപിക്കുന്നതിന്റെ കാരണം അറിഞ്ഞപ്പോൾ അവൾ ധൈര്യം പകരുകയാണ് ചെയ്തത്. യഹോവയോട് വാക്കു പറഞ്ഞിട്ടുണ്ടെങ്കിൽ ഈ ലഭിച്ച വിജയത്തിന്റെ നാന്ദിയായി വാക്ക് പാലിക്കണം. നിന്റെ വായിൽ നിന്ന് പുറപ്പെട്ടതുപോലെ എന്നോട് ചെയ്യുക. കരയുകയോ എതിർക്കുകയോ ചെയ്യാതെ അവൾ അനുസരിച്ചു. ദൈവത്തോടുള്ള സ്നേഹത്തിന്റെയും, വിശ്വാസത്തിന്റെയും അടയാളമാണ് അനുസരണം.

**(6) പർവ്വതത്തിൽ വിലാപം കഴിച്ചവൾ**

All great inspiration comes from the hills (സങ്കീ: 121 : 1-2) (123 :1), യിസ്രയേലിൽ നിന്ന് അവളുടെ പേർ മാറ്റപ്പെടുന്നത് അവൾക്ക് സഹിക്കാവുന്നതിലും അപ്പുറമായിരുന്നു. പർവ്വതങ്ങളിൽ പോയി യഹോവയോടെ തന്റെ ഉള്ള അവസ്ഥ പറഞ്ഞ് ശക്തിയും, ധൈര്യവും പ്രാപിക്കാനാണ് അവൾ പോയത്.

Tears are the prayers too
They travel to God, when we can't speak

എന്നാലിത് പിന്നീട് യുവതികളുടെയിടയിലെ ദുരാചാരമായി മാറി.

പ്രീയരേ ! തക്കസമയത്ത് പറയുന്ന വാക്ക് വെള്ളിത്താലത്തിൽ പൊൻ നാരങ്ങ പോലെയാകണമെങ്കിൽ, യഹോവയോടെ ആലോചിച്ചു മാത്രം പറയുകയും പ്രവർത്തിക്കുകയും ചെയ്യുക അതിനായി ദൈവം സഹായിക്കട്ടെ.

Santhamma Varghese

Website: www.biblestudy.co.in

Email: biblestudy.co.in@gmail.com

Facebook: https://www.facebook.com/biblestudyind